**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **161** **07.03.2018**- ൽ മറുപടിയ്ക്ക്

## വയോജന ക്ഷേമത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ

ചോദ്യം

മറുപടി

ശ്രീ.കെ.എൻ.എ ഖാദർ
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.പി.കെ.ബഷീർ
ശ്രീ.കെ.എം ഷാജി

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ വയോജന ക്ഷേമത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണ്; ഇവയിൽ പ്രവർത്തനം തുടങ്ങിയവ ഏതൊക്കെ; | (എ) | വയോജനക്ഷേമത്തിനായി ഈ സർക്കാർ താഴെപ്പറയും വിധം വിവിധ പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു.<br><br>i) **<u>സായംപ്രഭ ഹോം പദ്ധതി</u>** : നിലവിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ട് "സായംപ്രഭ ഹോം" ആയി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിയാണ് സായംപ്രഭ ഹോം പദ്ധതി. ആദ്യ ഘട്ടത്തിൽ 70 പകൽ പരിപാലന കേന്ദ്രങ്ങളെയാണ് പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.<br>ii) **<u>മന്ദഹാസം പദ്ധതി</u>** : പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 60 വയസ്സ കഴിഞ്ഞ ദാരിദ്ര രേഖയ്ക്ക താഴെയുള്ള സംസ്ഥാനത്തെ വയോജനങ്ങൾക്ക് പൂർണ്ണ ദന്തനിര സൗജന്യമായി വച്ച പിടിപ്പിച്ച കൊടുക്കുന്ന പദ്ധതിയാണ് മന്ദഹാസം പദ്ധതി. ആദ്യഘട്ടത്തിൽ |

| | | | |
|---|---|---|---|
| | | | 1500 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br><br>**iii) <u>വയോ അമൃതം പദ്ധതി</u>**<br>സംസ്ഥാനത്തെ16 വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന പദ്ധതിയാണ് വയോ അമൃതം പദ്ധതി. 16 വൃദ്ധസദനങ്ങളിലെ 800 ൽ പരം അന്തേവാസികൾക്ക് പദ്ധതി പ്രയോജനം ലഭിക്കുന്നു.<br><br>**iv) <u>മൾട്ടി സ്പെഷ്യൽ ഡേ കെയർ സെന്റർ:</u>**<br>വയോജനങ്ങൾക്കായി ഒരു മാതൃകാ സായംപ്രഭ ഹോം സ്ഥാപിക്കുന്ന പദ്ധതിയാണിത്. പദ്ധതി ഉടൻ പൂർത്തിയാക്കുന്നതാണ്.<br><br>**v) <u>വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത്:</u>**<br>മുതിർന്ന പൗരന്മാരുടെ അവശതകൾ പരിഹരിക്കുക, അവരുടെ ആരോഗ്യ പരിപാലനത്തിനും, വിനോദ വിജ്ഞാന പരിപാടികൾ എന്നീ ലക്ഷ്യങ്ങൾക്കായി പഞ്ചായത്തുകളെ വയോ സൗഹൃദ മാക്കുന്നതിനായി തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതിയാണ് വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത്.<br>**vi) <u>രാഷ്ട്രീയ വയോശ്രീ യോജന:</u>**<br>ബി.പി.എൽ കുടുംബങ്ങളിലുള്ള മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങളായ ശ്രവണ സഹായി, വീൽചെയർ, വാക്കിംഗ് സ്റ്റിക്, കണ്ണടകൾ തുടങ്ങിയവ പൂർണ്ണമായും സൗജന്യമായി നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. |
| (ബി) | ഇപ്രകാരമുള്ള വയോജനക്ഷേമ പദ്ധതികൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിയോ; | (ബി) | വയോജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വയോജന കൗൺസിൽ, |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ പുരോഗതി വിലയിരുത്തി കൂടുതൽ ഫലപ്രദമാക്കുമോ; | | ജില്ലാ വയോജന കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ സമയബന്ധിതമായി യോഗം ചേർന്ന് വയോജനക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (സി) | വൃദ്ധസദനങ്ങളുടെ നടത്തിപ്പും അവിടുത്തെ അന്തേവാസികളുടെ ജീവിത സൗകര്യങ്ങളും പരിശോധിക്കാൻ എന്ത് സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ സാമൂഹ്യനീതി വകുപ്പിനു കീഴിൽ 16 സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ രണ്ടു വീതവും മറ്റു ജില്ലകളിൽ ഓരോന്നും പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങൾക്ക് അംഗീകാരം നൽകുന്നതും മേൽനോട്ടം വഹിക്കുന്നതും ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ&കൺട്രോൾ) ആക്ട് 1960, പ്രകാരമാണ്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സംസ്ഥാനത്ത് 615 വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനങ്ങളിൽ സംരക്ഷിച്ചു വരുന്ന അന്തേവാസികളുടെ ജീവിത സൗകര്യവും അവർക്കു നൽകുന്ന സേവനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങൾ സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധന നടത്തുന്നുണ്ട്. ജില്ലകളിൽ ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ അധ്യക്ഷനായുള്ള മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് ക്ഷേമ സ്ഥാപനങ്ങളിലെ പ്രവർത്തനം വിലയിരുത്തുന്നു.ക്ഷേമസ്ഥാപനങ്ങളിൽ സംരക്ഷിച്ചു വരുന്നവർക്ക് കൗൺസിലിംഗും മറ്റു സേവനങ്ങളും നൽകുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ 40 കൗൺസിലർമാരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലെ സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷണത്തിനും |

| | | | |
|---|---|---|---|
| | | | മരുന്നിനുമായി യഥാക്രമം 2000/-രൂപ, 1000/-രൂപ വീതം പ്രതിമാസം നൽകിവരുന്നുണ്ട്. ആരോഗ്യ ആയുർവ്വേദ വകുപ്പുകളിലെ ഡോക്ടർമാർ ക്ഷേമ സ്ഥാപനങ്ങൾ സന്ദർശിച്ച് മതിയായ വൈദ്യ സേവനങ്ങളും നൽകി വരുന്നു. വയോജനങ്ങളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഒരു അന്തേവാസിക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ 224 വൃദ്ധസദനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകി വരുന്നു. ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പരിശോധന നടത്തുകയും അന്തേവാസികളുടെ ജീവിത സൗകര്യം വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ക്ഷേമ സ്ഥാപനങ്ങളിൽ സംരക്ഷിക്കപ്പെടുന്ന അന്തേവാസികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയോജനങ്ങളെ സംരക്ഷിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു റിട്ട.ജസ്റ്റിസ് രാമചന്ദ്രൻ നായർ അധ്യക്ഷനായുള്ള മൂന്നംഗ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**